കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളികുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി6-931/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി, 06.11.2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- വള്ളികുന്നം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി6-931/19 തീയതി, 06.11.2019

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-10-2018 മുതൽ 30-7-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.സന്തോഷ്.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 5-8.2019 മുതൽ 9-8-19 വരെയും<br>16-8-19 മുതൽ 22-8-2019 വരെയും | ശ്രീമതി.സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപാ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.ജി, ഓഡിറ്റർ<br>(18-8-2019 മുതൽ ലീവ്) |

### (ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ജി.മുരളി | 01.04.2018 മുതൽ 31.03.2019 വരെ |
| | |

2. **<u>സെക്രട്ടറി</u>**

| | |
|---|---|
| ശ്രീ.എസ്.പ്രദീപ് | 01.04.2018 മുതൽ 31.03.2019 വരെ |

3. **<u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ബിജി പ്രസാദ് | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വികസനകാര്യം | ശ്രീ.വി.കെ.അനിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.അമ്പിളി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ.എൻ.വിജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |

4. **<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ഷാനിദാ ബീവി | 01.04.2018 മുതൽ 31.03.2019വരെ |
| 2. | വെറ്ററിനറി സർജ്ജൻ | ഡോ.തോമസ് മാത്യു | 01.04.2018 മുതൽ 31.03.2019വരെ |
| 3 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഷാജിത.എസ്സ്. | 01.04.2018 മുതൽ 31.03.2019വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.റിഷാദ്.എ. | 01.04.2018 മുതൽ 31.03.2019വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിത.വി. | 01.04.2018 മുതൽ 31.03.2019വരെ |
| 6 | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്. | ശ്രീമതി.ഉഷാകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുരേഷ്.കെ.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിനീഷ്ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | | ശ്രീ.പ്രവീൺ | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം |

| | | |
|---|---|---|
| 13 | 1-13 | ടെണ്ടർ ഫീസ്-ഗ്രാമപഞ്ചായത്തിന് അർഹമായ തുക ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് |
| 14 | 1-14 | കെട്ടിടനിർമ്മാണ അനുമതിയിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം - ക്രമീകരിക്കാതെ കെട്ടിടത്തിന് നമ്പരിട്ടു |
| 15 | 1-15 | സെക്രട്ടറിയുടെ പ്രോജക്ടുകൾ - പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ചെലവുകൾ |
| 16 | 1-16 | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിന് മുൻവർഷം നൽകിയ തുകകൾ ഡെപ്പോസിറ്റായി തുടരുന്നു |
| 17 | 1-17 | ഫണ്ട് ലാപ്സാകുന്നത് - ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ അനിവാര്യം |
| 18 | 1-18 | തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജ് |
| 19 | 1-19 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ-യൂസർ ഫീ കളക്ഷൻ തുക അക്കൌണ്ട് ചെയ്യപ്പെട്ടില്ല |
| 20 | 1-20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ |
| 21 | 1-21 | 2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച് |
| 22 | 1-22 | ശമ്പള പരിഷ്കരണ കുടിശ്ശിക-ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല |
| 23 | 1-23 | പകൽവീട് യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി അനിവാര്യം |
| 24 | 1-24 | നിയമാനുസൃതമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച |
| 25 | 1-25 | അംഗൻവാടിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ് |
| 26 | 1-26 | ആയുർവ്വേദ മരുന്ന് ലഭ്യമാകാത്തതു സംബന്ധിച്ച് |
| 27 | 1-27 | GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു |
| 28 | 1-28 | സെന്റേജ് ചാർജ്ജ് - അധികം ഈടാക്കിയത് |
| 29 | 2-1 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം |
| ഭാഗം 3 | | |
| 30 | 3-1 | സെന്റേജ് ചാർജ്ജ് – അധികം ഈടാക്കിയത് |
| ഭാഗം 4 | | |
| 31 | 4-1 മുതൽ 4-11 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 32 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 33 | അനുബന്ധം 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

21-3-2018 തീയതിയിലെ I.I തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 212456000 രൂപയും പ്രതീക്ഷിത ചെലവ് 223919000 രൂപയും ആണ്. ഇത് യഥാർത്ഥ വരവുചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 8-4-2019 | ബാധകമല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11487524 |
| വരവ് | 93007121 |
| ആകെ | 104494645 |
| ചെലവ് | 91410013 |
| നീക്കിയിരിപ്പ് | 13084632 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 19995813 | 19995813 | 19033877 | 961936 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 11292000 | 11292000 | 7923263 | 3368737 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 89000 | 89000 | 89000 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 11396000 | 11396000 | 11024471 | 371529 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4088000 | 4088000 | 3343207 | 744793 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11396893 | 11396893 | 7369140 | 4027753 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 6599 | 900668 | 907267 | 897829 | 9438 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 123447520 | 97 | 70829493 | - | 38 | 72% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6599 | 900668* | 907267 | 897829 | 9438 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 63936000 | 63936000 | 63936000 | |

* ഭരണച്ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും അഡ്വാൻസായി ലഭിച്ച തുക ഉൾപ്പെടെയാണ് വരവും ചെലവും രേഖപ്പെടുത്തിയിട്ടുള്ളത്. RP 7 പ്രകാരം ഗ്രാന്റിനത്തിൽ വരവു വന്ന തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈക്കാരണത്താൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ ഖണ്ഡികയുമായി പൊരുത്തപ്പെടുന്നില്ല.

# 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 318840 | 157 |
| കർഷകതൊഴിലാളി പെൻഷൻ | 5104100 | 453 |
| വിധവാപെൻഷൻ | 14181100 | 1231 |
| വാർദ്ധക്യകാല പെൻഷൻ | 33399700 | 2791 |
| വികലാംഗപെൻഷൻ | 4461500 | 361 |
| അവിവാഹിത പെൻഷൻ | 778400 | 61 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 150000 | 5 |

<u>സാമൂഹ്യക്ഷേമ പെൻഷൻ – ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം ഉറപ്പുവരുത്തണം</u>

വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ അന്വേഷണഉദ്യോഗസ്ഥന നൽകിയ തീയതി, തിരികെ ലഭിച്ച തീയതി, കമ്മറ്റിയിൽ പാസ്സാക്കിയ വിവരം ഇവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയോ എന്നതു സംബന്ധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. മേൽ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും സമയബന്ധിതമായി പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പെൻഷന്റെ ചുമതലയുള്ള അസ്സിസ്റ്റന്റ് സെക്രട്ടറിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റ് നിർദ്ദേശം നൽകുന്നു.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-8-19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2986/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ക്ഷേമപെൻഷനുകൾ ക്കായി ലഭിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നവിധത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കാത്തത് പുരോഗതി വിലയിരുത്തലിന് തടസ്സമാണ്.
2. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്നു വ്യക്തമാകുന്നു. ഇവ വീണ്ടെടുക്കുന്നതിനുള്ള നടപടികളിൽ പുരോഗതിയില്ല.
3. വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴം പ്രൊക്യൂവർമെന്റ് മാന്വലിൽ/സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.
5. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.2019 | 06/19 | 22.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2011 മുതൽ 19.10.2011 വരെ | 2008-09 മുതൽ 2010-11 വരെ | 26.04.2012 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി/പി6-566/19 തീയതി, 27.06.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എൻ.ആർ.ഇ.ജി.എസ്സ്.MIS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഇവ സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
3. വാർഷിക കണക്കിനൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
4. അസറ്റ് വാല്യൂ, അസ്സറ്റ് വർഷം ഇവ രേഖപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കു പ്രകാരമുള്ള അസറ്റിന്റെയും ഡിപ്രീസിയേഷന്റെയും കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്റർ വാല്യൂബേസ്ഡ് ആക്കിയിട്ടില്ല. വർഷാന്ത്യ ബാലൻസ് തയ്യാറാക്കി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-12 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന നിരക്കിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ 19,288/-രൂപയുടെ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ഭാഗം 2-1ൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-13 ടെണ്ടർ ഫീസ്-ഗ്രാമപഞ്ചായത്തിന് അർഹമായ തുക ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് നടപടികൾ വഴി എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ളതും പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിവരം നൽകുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയതിന് ലഭിച്ച മറുപടിയിൽ 2018-19 സാമ്പത്തിക വർഷം ഇ – ടെണ്ടർ മുഖേന നടപ്പാക്കിയ 12 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ 59130/-രൂപ ലഭിക്കാനുണ്ടെന്നും അറിയിച്ചു. ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കാത്തതു മൂലം പലിശയിനത്തിലും വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലും ഇത്തരത്തിൽ തുക ലഭിക്കാനുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. നിലവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കെട്ടിടനിർമ്മാണ അനുമതിയിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം - അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ കെട്ടിടത്തിന് നമ്പർ നൽകി

ഗ്രാമപ്പഞ്ചായത്തിലെ വാർഡ്-1 ൽ സലിംകുമാർ, അനിതരമന, ഇലിപ്പക്കുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 448.19 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 04.02.2014 ൽ A2-4995/13-ാം നമ്പരായി പെർമിറ്റ് നൽകുകയും പെർമിറ്റ് കാലയളവിൽത്തന്നെ 02.02.2020 വരെ പെർമിറ്റ് കാലയളവ് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. ടിയാൻ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനെത്തുടർന്ന് നമ്പരിടുന്നതിന് അപേക്ഷ സമർപ്പിക്കുകയും അപേക്ഷയോടൊപ്പം നിർമ്മാണം പൂർത്തീകരിച്ചതിന്റെ പ്ലാൻ സമർപ്പിച്ചതിൽ 174.54 ച.മീ. കെട്ടിടം പെർമിറ്റ് ഇല്ലാതെ പണിതിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും ടി കെട്ടിടനിർമ്മാണം ക്രമവത്കരിക്കരിക്കാതെ തന്നെ കെട്ടിടത്തിന് നമ്പരിടുകയാണുണ്ടായത്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് (ഓഡിറ്റ് അന്വേഷണം നം.21/തീയതി: 21.08.2019) ക്രമവത്ക്കരണഫീസ് ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

## 1-15 സെക്രട്ടറിയുടെ പ്രോജക്ടുകൾ - പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ചെലവുകൾ

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം. &തീയതി. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | ആധുനിക ശ്മശാനം നിർമ്മാണം - ബ്ലോക്ക് വിഹിതം നൽകൽ. (പ്രോജക്ട്നം.74/19) | 2,00,000 | 19/19 dt.29-1-19 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് |
| 2 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (പ്രോജക്ട്.നം.77/19) | 2,42,000 | 21/19 dt.23-1-19 | കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ |
| 3 | 133, 146 നം. അംഗൻവാടികളുടെ നിർമ്മാണം പ്രോജക്ട്നം.147/19 | 11,60,000 | 16/18 dt.16-11-18 23/19 dt.25-1-19 | PWD കെട്ടിട വിഭാഗം |
| 4 | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ. പ്രോജക്ട് നം.161/19 | 89000 54000 | 25/19 dt.25-2-19 26-2-19 | വാട്ടർ അതോറിറ്റി |
| 5 | വൈദ്യുത ലൈൻ എക്സ്റ്റൻഷൻ. പ്രോജക്ട്നം.10/19 | 265394 | 17/ 18 dt.16-11-18 | ഇലക്ട്രിക്കൽ സെക്ഷൻ, ചാരംമൂട് |
| | | 1734000 | 18/18 dt.9-12-18 | ഇലക്ട്രിക്കൽ സെക്ഷൻ, വള്ളികുന്നം |
| | ആകെ | 3744394 | | |

മേൽ പ്രവർത്തികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവർത്തികളുടെ പൂർത്തീകരണം ഉറപ്പുവരുത്തി, വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിന് മുൻവർഷം നൽകിയ തുകകൾ ഡെപ്പോസിറ്റായി തുടരുന്നു

2017-18 സാമ്പത്തിക വർഷം തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 10,97,727/- രൂപ ഇലക്ട്രിസിറ്റി ബോർഡിനു നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ചെലവു രേഖകളിൽ നിന്നും നാളിതുവരെ മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല. ഇപ്പോഴും തെരുവു വിളക്കുകൾക്ക് ഒരു കൺസ്യൂമർ നമ്പരിൽ നിന്നു തന്നെയാണ് കറന്റ് ചാർജ്ജ് ഒടുക്കി വരുന്നത്. ഈ വർക്കുമായി ബന്ധപ്പെട്ട് ജി.എസ്സ്.റ്റി. ഇനത്തിൽ 16-7-18 ൽ 8753228 നമ്പർ ചെക്കുപ്രകാരം ഇലക്ട്രിസിറ്റി ബോർഡിനു 1,53,073/- രൂപയും നൽകിയിട്ടുണ്ട്. 12-7-2019ൽ വള്ളികുന്നം ഇലക്ട്രിസിറ്റി ഓഫീസ് നൽകിയ കത്തു പ്രകാരം 100 മീറ്ററുകൾ ലഭ്യമാക്കുന്നതിനുള്ള

ടെണ്ടർ നടപടികൾ പൂർത്തിയായതായും മീറ്ററുകൾ ലഭിച്ചാലുടൻ സ്ഥാപിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കൽ പ്രവർത്തി നിരീക്ഷിക്കേണ്ടതും പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തേണ്ടതുമാണ്.

ഓരോ വാർഡിലേയും തെരുവു വിളക്കുകളുടെ എണ്ണവും ഇനവും രേഖപ്പെടുത്തുന്ന പോസ്റ്റിന്റെ നമ്പർ സഹിതം ഒരു രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും, സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്തപരിശോധനക്കുശേഷം രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ ഇനം, എണ്ണം ഇവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ അറ്റകുറ്റപ്പണിക്കായി പ്രോജക്ട് തയ്യാറാക്കുന്നത് യുക്തിസഹമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-17 ഫണ്ട് ലാപ്സാകുന്നത് - ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ അനിവാര്യം

സർക്കാർ അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിക്കുന്നവയായതിനാൽ യഥാസമയം ചെലവഴിച്ചില്ലെങ്കിൽ നഷ്ടപ്പെടുന്നതാണ്.

2018-19 സാമ്പത്തിക വർഷാവസാനം ബജറ്റ് അലോക്കേഷൻ പ്രകാരം അനുവദിച്ചതിൽ പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| | |
|---|---:|
| വികസനഫണ്ട്(ജനറൽ) | 961936 |
| വികസനഫണ്ട് (എസ്.സി. പി) | 3368737 |
| സി.എഫ്. സി | 4027753 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 371529 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 744793 |
| ആകെ | 9474748 |

നാളിതുവരെ മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരംസമിതി കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-18 തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജ്

ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും നൽകിയ താഴെ പറയും പ്രകാരമുള്ള കണക്കു പ്രകാരമാണ് വഴി വിളക്കുകളുടെ കറന്റ് ചാർജ്ജ് ഒടുക്കി വരുന്നത്.

| ക്രമ നം. | വിളക്കിന്റെ തരം | സ്പെസിഫിക്കേഷൻ | എണ്ണം |
|---|---|---|---|
| 1 | ഓട്ടോമാറ്റിക് സി.എഫ്.എൽ | 18x1 | 405 |
| 2 | ഓട്ടോമാറ്റിക് സി.എഫ്.എൽ | 11x1 | 60 |
| 3 | ഫ്ലൂറസെന്റ് ഡബിൾ ട്യൂബ് | 40x2 | 622 |
| 4 | ഫ്ലൂറസെന്റ് സിംഗിൾ ട്യൂബ് | 40x1 | 27 |
| 5 | സോഡിയം വേപ്പർ ലാമ്പ് | 250w | 18 |
| | | | |

| | | | |
|---|---|---|---|
| 6 | ഓർഡിനറി ലാമ്പ് | 60w | 1707 |
| 7 | ഓർഡിനറി ലാമ്പ് | 40w | 30 |

ഈ ലിസ്റ്റ് പ്രകാരം 1737, ഓർഡിനറി ബൾബുകൾക്കും, 18 സോഡിയം വേപ്പർ ലാമ്പിനുമുള്ള കറന്റ് ചാർജ്ജ് ഒടുക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി. നം 20-നുള്ള മറുപടിയിൽ പഞ്ചായത്ത് പ്രദേശത്ത് നിലവിൽ ഓർഡിനറി ബൾബുകളോ സോഡിയം വേപ്പർ ലാമ്പുകളോ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാവുന്നതാണ്. ഇല്ലാത്ത വിളക്കുകൾക്കു വേണ്ടി കറന്റ് ചാർജ്ജ് ഒടുക്കുന്നതു ശരിയല്ല. ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണവും ഇനവും ഉറപ്പുവരുത്തി കറന്റ് ചാർജ്ജ് നൽകേണ്ടതാണ്.

3. ഇലക്ട്രിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി ഭൗതിക പരിശോധന നടത്തിയിട്ടില്ല.
4. വാർഷിക അറ്റകുറ്റപ്പണിക്കായി കരാർ ഏറ്റെടുത്ത വ്യക്തി അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരൻ ആണെന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ-യൂസർ ഫീ കളക്ഷൻ തുക അക്കൌണ്ട് ചെയ്യപ്പെട്ടില്ല

വള്ളികുന്നം ഗ്രാമപഞ്ചായത്ത് 2018-19 വർഷം പ്രോജക്ട്നം.142 ആയി 5,50,000/- രൂപ ഹരിത കർമ്മസേന കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ എന്ന പേരിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പ്രോജക്ടിന് തൻവർഷം ചെലവൊന്നും ഇല്ല എന്നും പ്രോജക്ട് നടപ്പിലായില്ല എന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ തനതുഫണ്ട് പരിശോധനയിൽ ചെക്ക് നം. 29602 തീയതി,31-7-2018 പ്രകാരം 3300/-രൂപ യൂസർ ഫീ പിരിക്കുന്നതിനുള്ള 36 രസീതുബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനു ചെലവഴിച്ചതായി കണ്ടതിനെ തുടർന്നു നൽകിയ എൻക്വയറിക്കുള്ള വിശദീകരണത്തിൽ നിന്നും, പരിശോധനക്കു ഹാജരാക്കിയ രേഖകളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചയായി കാണുന്നു.

1. യൂസർ ഫീ പിരിക്കുന്നതിന് വ്യക്തമായ കമ്മറ്റി തീരുമാനം എടുത്തിട്ടില്ല. വ്യക്തമായ ഒരു ഡി.പി.ആർ തയ്യാറാക്കിയതിനുശേഷം യൂസർ ഫീസ് നിശ്ചയിക്കാം എന്നാണ് സെക്രട്ടറി കമ്മറ്റിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ വീടുകളിൽ നിന്ന് 30/-രൂപയും, കടകളിൽ നിന്ന് 100/-രൂപയും ക്രമത്തിൽ ഹരിത കർമ്മസേന പിരിവ് നടത്തി.
2. യൂസർ ഫീ ഇനത്തിൽ പിരിച്ച തുക പ്രത്യേക അക്കൗണ്ടിലോ, തനതു ഫണ്ടിലോ നിക്ഷേപിക്കാതെ വാക്കാൽ ചുമതലപ്പെടുത്തിയ കുടുംബശ്രീ ചെയർപേഴ്സൺ കൈവശം സൂക്ഷിച്ചു.
3. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആണെങ്കിലും പഞ്ചായത്ത് ഈ വിഷയത്തിൽ ഇടപെടാതെ നിഷ്ക്രിയമായ നിലപാട് സ്വീകരിച്ചു. യൂസർ ഫീ പിരിക്കുന്നതിനായി രസീത് അടിച്ചു നൽകുകയും എന്നാൽ അതിന്റെ തുടർ പ്രവർത്തന ചുമതലകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്യുന്ന നിലപാടാണ് പഞ്ചായത്ത് സ്വീകരിച്ചത്.
4. മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ പിരിവു തുക മാർച്ച് അവസാനത്തോടെ വേതനമെന്ന രീതിയിൽ തുക പിരിച്ചെടുത്ത ഹരിത കർമ്മസേന അംഗങ്ങൾക്കുതന്നെ വീതിച്ചു നൽകി.

ഇത് സംബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ ശേഖരിച്ച് വക്കുകയും പൊതുജനങ്ങൾ ഇത് നീക്കുന്നതിന് പഞ്ചായത്തിൽ നിരന്തരം ആവശ്യമുന്നയിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇപ്രകാരം നടത്തിയതാണെന്നും, പിരിച്ചെടുത്ത തുക ഹരിതകർമ്മസേനക്കുള്ള പ്രതിഫലമായി അവർക്കു തന്നെ തിരികെ നൽകി എന്നും അറിയിക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കും പണപിരിവുമായി ബന്ധപ്പെട്ടുള്ള നടപടികൾക്കും വിരുദ്ധമായുള്ള പ്രവർത്തനം അംഗീകരിക്കത്തക്കതല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ

പ്രോജക്ട് നം-79/19

പ്രോജക്ടിന്റെ പേര്- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

മെഡിക്കൽ കോഴ്സ്, എഞ്ചിനീയറിംഗ് കോഴ്സ്, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ വിദ്യാർത്ഥികൾ, മറ്റ് സർക്കാർ അംഗീകൃത റെഗുലർ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകാവുന്നതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ.എം.എസ്.22/18/ത.സ്വ.വ./14-02-18) വ്യക്തമാക്കുന്നു. ഈ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള നിരവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെയിരിക്കെ ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നല്കിയത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ദേവി പ്രിയ റ്റി.ആർ., അമ്പനാട്ട്
2. ആതിര, കൃഷ്ണ ഭവനം
3. നന്ദു.എസ്, കൊന്നത്ത് കിഴക്കതിൽ
4. വർഷ.വൈ, വർഷാലയം
5. ചിപ്പി.സി.ആർ, പുല്ലാട്ട് തറയിൽ
6. വീണ.എസ്, വർഷാലയം
7. ചിത്രു.സി.ആർ, പുല്ലാട്ട് തറയിൽ
8. കൽഹാർ കൃഷ്ണൻ, കൽഹാർ ഭവൻ
9. കാർത്തിക.ബി, കാർത്തിക

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പത്താം ക്ലാസിലും പ്ലസ്ടുവിലും ഉൾപ്പെടെയുള്ള കുട്ടികൾ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിരുന്നതിനാലാണ് അർഹതയുള്ള ഗുണഭോക്താക്കളെ ലിസ്റ്റിന് വെളിയിൽ നിന്ന് കണ്ടെത്തേണ്ടി വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം അർഹതാ മാനദണ്ഡം പഞ്ചായത്ത് നിർണ്ണയിക്കേണ്ടതാണെന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നു. അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് വ്യാപക പ്രചാരണം നൽകണം. യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ഗ്രാമസഭയ്ക്ക് വിശദീകരിച്ച് നൽകുകയും ചെയ്യണം. ഇപ്രകാരമുള്ള നടപടിക്രമങ്ങളുടെ അഭാവത്തിലാണ് മേൽ അപാകത സംഭവിച്ചത്. പദ്ധതിയുടെ ഉത്തമമായ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗം തടയുന്നതിനും

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ആനുകൂല്യം നല്കിയിരിക്കുന്ന മേൽ ഗുണഭോക്താക്കളുടെ പട്ടികക്ക് ഗ്രാമസഭയുടെ അംഗീകാരം തേടേണ്ടതും പഞ്ചായത്ത് കമ്മിറ്റിയുടെയും ഗ്രാമസഭയുടെയും അംഗീകാരം ലഭിച്ചതുൾപ്പെടെയുള്ള വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-21 2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച്

1. പ്രോജക്ട് നം.-35/19

പ്രോജക്ടിന്റെ പേര് – വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ വേണ്ടി ഒരു ഗുണഭോക്താവിന് 1,00,000/- രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇപ്രകാരം 17 ഗുണഭോക്താക്കൾ ആനുകല്യം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മണി ഭാസ്കർ, പാണന്റെ പടീറ്റതിൽ എന്നയാൾ 30,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും (ട്രഷറി ബിൽ നം.-06/18-19/20-12-18) നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തിയാക്കാതിരിക്കുകയോ തുക ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്ന പക്ഷം ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കാവുന്നതാണെന്ന് ഗുണഭോക്താവ് സമ്മതിച്ച് കരാർ പത്രികയുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഈ ഗുണഭോക്താവിന്റെ മകന്റെ ആകസ്മിക മരണം മൂലം തുടർനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നുവെന്നും തുടർ വർഷം പ്രവർത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

**2) ലൈഫ് ഭവന പദ്ധതി**

ലൈഫ് ഭവന പദ്ധതി പ്രകാരം ഏതാനം ഗഡുക്കൾ കൈപ്പറ്റുകയും ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത നിരവധി ഗുണഭോക്താക്കളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പർ, പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 15/19, ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | അനിൽ കുമാർ, നാട്ടുക്കാട്ട് അനിൽ വിലാസം | 40000/- |
| | മണി, ഇല്ലത്ത് മീനത്ത് | 300000/- |
| | സരോജിനി, സജു ഭവനം | 40000/- |
| | സരസ്വതി, കാഞ്ഞിക്ക കിഴക്കതിൽ | 200000/- |
| | വാസന്തി, വനജാലയം | 300000/- |
| | രോഹിണി, വിഷ്ണു ഭവനം | 300000 |
| | സുധർമ്മിണി, ഗ്രീഷ്മം | 40000/- |
| | രതീഷ്, ഇല്ലത്ത് പടീറ്റതിൽ | 40000/- |
| 67/19, ലൈഫ് ഭവന പദ്ധതി | ലതിക, കൊച്ചു തെക്കതിൽ | 360000 |
| | സജിത, ആകാശ് ഭവനം | 40000 |
| | സുധാ ദേവി, ശിവ സദനം | 360000 |
| | പ്രസന്ന സത്യനേശൻ | 360000 |
| | | |

| | | |
|---|---|---|
| | റുക്കിയത്ത്, കട്ടത്തിരേത്ത് | 260000 |
| | സുലോചന, സുഭാഷ് ഭവനം | 360000 |
| | സരോജിനി, കരുണാലയം | 360000 |
| | വിജയ ലക്ഷ്മി, റെജി ഭവനം | 360000 |
| | വസന്ത, ശ്രീകൃഷ്ണ ഭവനം | 360000 |
| | സബീന, ചേലക്കോട്ട് വിളയിൽ | 360000 |
| | അജിത, വലിയ വീട്ടിൽ കിഴക്കതിൽ | 360000 |
| | ബിന്ദു, കളത്തുർ തെക്ക് | 360000 |
| | രമ, എണ്ണക്കാട്ട് തെക്കതിൽ | 360000 |
| | ഭാരതിയമ്മ, ചാങ്ങുർ പടീറ്റതിൽ | 360000 |
| | സുധ, രതീഷ് ഭവനം | 300000 |
| | ഫാത്തിമ ബീവി | 260000 |
| | ബിന്ദു അജിത് | 360000 |
| | ബിന്ദു വിമൽ കുമാർ, കുറ്റിപ്പുറത്ത് തറയിൽ | 360000 |
| | ഗിരിജ ദേവി, തയ്യിൽ കിഴക്കതിൽ | 360000 |
| | സീനത്ത്, തൗഫീഖ് മൻസിൽ | 360000 |
| | സരള, രാജു നിവാസ് | 40000 |
| | ഓമന, സജി ഭവനം | 360000 |
| | റംല ബീവി, പുതുവാക്കൽ | 200000 |
| | നദീറ, കോതകരക്കുറ്റി | 360000 |
| | ഷിൽജ, പുതുക്കാട്ട് തറയിൽ | 300000 |
| | ശ്രീകുമാരി, കണ്ടത്തിൽ തറയിൽ | 300000 |
| | മിസിരിയ, കോട്ടു വിളയിൽ | 200000 |
| | ഭാരതി, കുറ്റിപ്പുറത്ത് കിഴക്കിതിൽ | 360000 |
| | ഗീതാ, വിഷ്ണു ഭവനം | 300000 |
| | സഹദേവൻ, സതീഷ് ഭവനം | 200000 |
| | ഗീത, പോക്കാട്ട് കിഴക്കതിൽ | 300000 |
| | കാർത്തിക കുട്ടി, പറമ്പിൽ | 200000 |

അഡ്വാൻസ് തുക കൈപ്പറ്റിയതല്ലാതെ ഭവന നിർമ്മാണത്തിന്റെ ഒരു ഘട്ടം പോലും പൂർത്തിയാക്കാതിരുന്ന അനിൽ കുമാർ, സരോജിനി, സുധർമ്മിണി, രതീഷ്, സജിത, സരള, ഗീത എന്നീ ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുടർ വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ട് വച്ച് മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 ശമ്പള പരിഷ്കരണ കുടിശ്ശിക-ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

2018-19 സാമ്പത്തിക വർഷം ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ സർവ്വീസിൽ ഉള്ള ജീവനക്കാർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിരുന്നു.

| ക്രമ നം. | ഗഡു | തുക | ചെക്ക്നം./തീയതി |
|---|---|---|---|
| 1 | ശമ്പളപരിഷ്കരണ കുടിശ്ശിക മൂന്നാം ഗഡു | 119470 | 8753222/13-6-2018 |
| 2 | ശമ്പളപരിഷ്കരണ കുടിശ്ശിക നാലാം ഗഡു | 142625 | 8753240/16-10-2018 |

ഈ തുകയ്ക്ക് ആനുപാതികമായ പെൻഷൻ കോൺടിബ്യൂഷൻ അടവാക്കിയിട്ടില്ല. ഇത് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

# 1-23 പകൽവീട് യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി അനിവാര്യം

പകൽവീടിന് വേണ്ടി ജില്ലാ പഞ്ചായത്ത് പണിത കെട്ടിടത്തിൽ പകൽവീട് യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ 2018-19 ൽ ചെയ്യുകയുണ്ടായി. പകൽവീട് വയോവാടി എന്ന പേരിൽ 2018-19 ൽ 10 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആസൂത്രണം ചെയ്തെങ്കിലും 1,48,273/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തത്. വാങ്ങിയ ഓരോ സാധനങ്ങൾക്കും നമ്പർ നൽകി സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി എൻട്രി വരുത്തേണ്ടതാണ്. പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിൽ നടന്നുവരുകയാണെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ വിശദീകരിച്ചു, 2019 ഫെബ്രുവരി മാർച്ച് മാസങ്ങളിലായി വാങ്ങിയ സാധനങ്ങൾ നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഈ അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്. ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും അടിയന്തിര ശ്രദ്ധ നൽകി പകൽവീട് യാഥാർത്ഥ്യമാക്കേണ്ടതാണ്.

# 1-24 നിയമാനുസൃതമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച

കുമ്പളത്ത് മുക്ക് – പേരൂർ മുക്ക് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് earth filling എന്ന പ്രവൃത്തി ചെയ്യുകയും എസ്റ്റിമേറ്റിലെ അളവിൽ നിന്നും വ്യതിചലിച്ച് ചില ഐറ്റങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ചെലവ് നടന്നിട്ടുമുണ്ട്. original project ൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തി ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട സാഹചര്യത്തിൽ റിവൈസ്ഡ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് എന്നിരിക്കെ ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതായി കാണുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിൽ A.Ex.E. അംഗീകാരം നൽകിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിനെത്തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിന് 30.10.2018 ന് 61084/18-19/R എന്ന നമ്പരായി അംഗീകാരം നൽകിയെന്നും എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒപ്പുവയ്ക്കുന്നതിന് വിട്ടുപോയതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

17.09.2018 ൽ ആരംഭിക്കുകയും 25.10.2018 ൽ അവസാനിക്കുകകയും ചെയ്ത നിർമ്മാണ പ്രവർത്തിയുടെ

റിവൈസ്ഡ് എസ്റ്റിമേറ്റിന് 30.10.2018 ൽ അംഗീകാരം നൽകിയെന്നത് തെറ്റായ നടപടിയാണ്. ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കെ ആവശ്യമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങണമെന്നും എന്നാൽ ഒരു പ്രവൃത്തി പൂർത്തിയായ ശേഷമോ അംഗീകാരം നൽകരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ യഥാസമയം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ പ്രവൃത്തി പൂർത്തീകരിച്ചത് തെറ്റായ പ്രവണതയാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

# 1-25 അംഗൻവാടിയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്

ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 171-ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണത്തിനായി 2018-19 ൽ 4,40,219/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി അങ്കണവാടിയുടെ നിർമ്മാണം നിലവിൽ പൂർത്തിയായിട്ടുണ്ടോ ഇല്ലെങ്കിൽ പൂർത്തീകരണത്തിനുള്ള പ്രോജക്ട് നിലവിൽ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്നീ വിഷയങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ദേശീയ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ സ്ട്രക്ച്ചർ നിർമ്മാണം മാത്രമാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്തതെന്നും തുടർ പ്രവൃത്തി എം.പി. ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണെന്നും വിശദീകരിച്ചു. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ നൽകേണ്ടതും അങ്കണവാടി നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനാവശ്യമായ നടപടികൾ ചെയ്യേണ്ടതുമാണ്.

# 1-26 ആയുർവേദ മരുന്ന് ലഭ്യമാകാത്തതു സംബന്ധിച്ച്

പ്രോജക്ട് നം.36/2018-19

ബിൽ നം.4/2018-19 തീയതി, 21.12.2018, ബിൽ നം.5 തീയതി, 14.2.2019

ചെലവ്-9,00,000/-

ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി 9 ലക്ഷം രൂപ നിർവഹണ ഉദ്യോഗസ്ഥയായ ആയുർവേദ മെഡിക്കൽ ഓഫീസർ മുൻകൂറായി പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിരുന്നു. ഇതിൽ 7,78,022/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. തീയതി, 21.8.2019) ഔഷധിയിൽ ആവശ്യാനുസരണം മരുന്ന് ലഭ്യമല്ലാത്തതിനാലാണ് കാലതാമസത്തിന് കാരണമെന്നും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ ഔഷധിയോടാവശ്യപ്പെട്ടിട്ടുണ്ടെന്നും ഉടനടി ലഭിക്കുമെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ സമയബന്ധിതമായി ലഭിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 1,21,978/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-27 GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു

ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ജി.എസ്.റ്റി. ഒഴികെയുള്ള മൂല്യം 2.5 ലക്ഷം രൂപയ്ക്കു മുകളിലാണെങ്കിൽ 2% റ്റി.ഡി.എസ്. ഇനത്തിൽ ഈടാക്കി ശേഷിച്ച തുക മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടത്. എന്നാൽ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 ൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സാധനങ്ങളുടെ വിലയിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കാതെ തുക അനുവദിക്കുകയാണ് ഉണ്ടായത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര് | സാധനങ്ങളുടെ വില | കരാറുകാരന്റെ പേര്/ആകെ നല്കിയ തുക |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | കുഴിവിളക്കാവ് - മൂക്കാശ്ശേരി മുക്ക് റോഡ് കോൺക്രീറ്റിംഗ് | 372365 | സുനിൽ ചന്ദ്രൻ<br>17,92,047 രൂപ |
| 2 | മൂന്നാണ്ടേമുക്ക് - നടുവിലേമുക്ക് റോഡ് കോൺക്രീറ്റിംഗ് | 381517 | |
| 3 | വട്ടയ്ക്കാട്ട് സ്കൂൾ - ചാങ്ങേത്ത് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് | 234715 | |
| 4 | മഠത്തിൽ തെക്ക് - കെ.ഐ.പി. കനാൽ റോഡ് കോൺക്രീറ്റിംഗ് | 394848 | |
| 5 | പുതുശ്ശേരിടീറ്റതിൽ കൊന്നക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | 210446 | |
| 6 | ഒറ്റത്തെങ്ങിൽ - കുന്നേൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | 198156 | |
| 7 | പാലവിള – കോയിപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ് | 315770 | പ്രകാശൻ.സി.<br>11,16,886 |
| 8 | പുഞ്ചവാഴ്കപുഞ്ച ട്രാക്ടർ റോഡ് കോൺക്രീറ്റിംഗ് | 406908 | |
| 9 | പുല്ലശ്ശേരിൽ ശാലീനമുക്ക് റോഡ് കോൺക്രീറ്റിംഗ് | 394208 | |
| 10 | 171-ാം നമ്പർ അങ്കണവാടി നിർമ്മാണം | 336818 | മുഹമ്മദ് ഷെരീഫ്<br>336818 |

വിതരണം ചെയ്ത സാധനങ്ങളുടെ അംഗീകൃതബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ വർക്കിനും വിതരണം ചെയ്ത സാധനങ്ങളുടെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ നിയമാനുസൃതമുള്ള നികുതി ജി.എസ്.റ്റി. വകുപ്പിൽ ഒടുക്കുവരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. അതിനാൽ നികുതിയിനത്തിൽ കേന്ദ്രസംസ്ഥാനസർക്കാരുകൾക്ക് നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. ഈ വിഷയം സംബന്ധിച്ച് അടിയന്തിരമായി വിശദീകരണം നല്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചും വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

ഉദാ:-ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 1 ൽ സലിംകുമാർ, അനിതരമന, ഇലിപ്പക്കുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 622.73 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്ന ഉപയോഗത്തിനനുസരിച്ച് ചതുരശ്ര മീറ്ററിന് 70 രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 434 - A മുതൽ K വരെയുള്ള 11 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി(കടമുറികളായി) കണക്കാക്കി 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റ്' നിരക്കിൽ ($30/m^2$) വസ്തുനികുതി കണക്കാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴപ്പറയുന്ന രീതിയിൽ നഷ്ടം ഉണ്ടായി.

| കെട്ടിടത്തിന്റെ നമ്പർ ആകെ വിസ്തീർണ്ണം | വാർഡ് 1, 434 - A മുതൽ K വരെ 622.73 ചതുരശ്ര മീറ്റർ (56.12 ച.മീ. വിസ്തീർണ്ണം പാസേജ്/കാർ പോർച്ച് എന്ന രീതിയിൽ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കി) |
|---|---|
| <u>**കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ്**</u><br>(നികുതി നിരക്ക് :70രൂ./ച.മീ.)<br>അടിസ്ഥാന നികുതി =566.61x30=16998.3<br>വർദ്ധനവ് (വഴി സൗകര്യം 20%)=3399.66<br>ആകെ = 20397.96 | 20398+1020=21418 |
| <u>**കണക്കാക്കിയ നികുതി + ലൈബ്രറി സെസ്സ്**</u><br>(നികുതി നിരക്ക് : 30 രൂ. /ച.മീ.) | 434/A : 1653+83 = 1736<br>434/B : 1653+83=1736<br>434/C : 2148+108=2256<br>434/D : 2670+134=2804<br>434/E : 2698+135=2833<br>434/F : 1735+87 =1822<br>434/G : 1436+72 =1508<br>434/H : 1466+74 = 1540<br>434/I : 1467+74 = 1541<br>434/J : 1376+69 = 1445<br>434/K : 986+50 = 1036<br>ആകെ :19288+969 =20257 |

| | |
|---|---|
| | 19288 +<br><br>969 (ലൈബ്രറി സെസ്സ്)<br><br>20257 |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | 1110 + 51(ലൈബ്രറി സെസ്സ്) |

ഒരു ഉടമസ്ഥന്റെ പേരിൽ വാണിജ്യാവശ്യത്തിനുള്ള ടി കെട്ടിടം വ്യത്യസ്ത വ്യാപാരികൾക്ക് വ്യാപാരാവശ്യത്തിന് ലൈസൻസ് നൽകുന്നതിന് വ്യത്യസ്ത നമ്പർ ആവശ്യമാണെന്നും അതിനാലാണ് കെട്ടിടഭാഗങ്ങളെ വെവ്വേറെ കെട്ടിടമായി കണക്കാക്കി നികുതി ചുമത്തിയതെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. ടി കെട്ടിടഭാഗങ്ങൾ എല്ലാം വ്യാപാരാവശ്യത്തിനായി ഉപയോഗിക്കുന്നതിനാൽ ഈ മറുപടി നിലവിലെ ചട്ടങ്ങൾ പ്രകാരം അംഗീകരിക്കാനാകില്ല. ഈ സാഹചര്യത്തിൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് സമയപരിധി അവസാനിക്കുന്നതിനു മുൻപ് ഡിമാന്റ് ചെയ്യേണ്ടതും നികുതിയിനത്തിലെ കുറവ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

സമാനരീതിയിൽ വസ്തുനികുതി നിർണ്ണയത്തിലെ പിഴവ് കാരണം പഞ്ചായത്തിന് നികുതി നഷ്ടപ്പെട്ടിട്ടുണ്ടോയെന്നത് കണ്ടെത്തുന്നതിലേക്ക് എല്ലാ ഗാർഹികേതര കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടമുണ്ടായിട്ടുള്ളപക്ഷം ആയത് എത്രയും വേഗം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ്ജ് - അധികം ഈടാക്കിയത്

സർക്കാർ ഉത്തരവ്(സാധാ) നം.1069/2018 തീയതി, 16-4-2018 പ്രകാരം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കുകൾ നടത്തുന്നതിന് എസ്റ്റിമേറ്റ്, പ്ലാൻ ഇവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് ഇനത്തിൽ ഈടാക്കാൻ പാടില്ല എന്നു ഉത്തരവായിട്ടുണ്ട്. എന്നാൽ വള്ളികുന്നം ഗ്രാമ പഞ്ചായത്ത് അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ടിനായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത് ഈ നിർദ്ദേശം പാലിച്ചില്ല. പ്രോജക്ടിന്റെ (പ്രോജക്ട് നം. 77/19) എസ്റ്റിമേറ്റിൽ എസ്റ്റിമേറ്റ്, പ്ലാൻ ഇവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് ഉൾപ്പെടെ 12.5% സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. ഇത് അനുവദനീയമല്ല. 2,14,709/- രൂപയുടെ വർക്ക് വാല്യുവിനൊപ്പം 26838.71 രൂപ സെന്റേജ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവർത്തിക്കായി 2,42,000/-രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയത്. ഇത് സർക്കാർ ഉത്തരവിനു വിരുദ്ധമായതിനാൽ അധികമായി നൽകിയ തുക 6,050/-രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | |
|---|---|
| 10.06.2019, 11.06.2019 | കെ.എസ്.എ-എ.എൽ.പി/പി6.566/19 തീയതി, 27-6-2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1505974 | ലൈഫ് പദ്ധതി ജനറൽ | 1436165 | 69809 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425839 | ലൈഫ് പദ്ധതി-എസ്സ്.സി. | - | 425839 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 425000 | സ്കോളർഷിപ്പ് | 425000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | പകൽവീട് | - | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | പാലിനു സബ്സിഡി | 400000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | പാലിനു സബ്സിഡി | 600000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000 | നെൽകൃഷി വികസനം (എസ്സ്.സി.) | 255000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 590400 | നെൽകൃഷി വികസനം വനിത | 590400 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ന്യൂട്രീഷൻ പ്രോഗ്രാം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 425000 | സ്കോളർഷിപ്പ് | 425000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1955269 | ലൈഫ് ഭവന പദ്ധതി(എസ്.സി) | - | 1955269 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 723835 | ലൈഫ് ഭവനം | 723835 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികളു കുടിവെള്ള കണക്ഷൻ | 242000 | - | 242000 |
| കേരള വാട്ടർ അതോറിറ്റി | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ | 89000 | - | 89000 |
| കെ.എസ്സ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | 1999394 | | 1999394 |
| കെ.എസ്സ്.ഇ.ബി. | പി.എച്ച്.സി. ഇലക്ട്രിക് പോസ്റ്റ് നീക്കൽ | 62080 | 62080 | - |
| പൊതുമരാമത്ത് വകുപ്പ്. | അംഗൻവാടി നിർമ്മാണം | 1160000 | - | 1160000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,23,23,235/- രൂപ വരവുണ്ട്. രൂപയിൽ 1,23,23,235/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്.ഭവനപദ്ധതി | 747/2010 | 15803000 | 1580615 | 1580615 | - | - |
| ലൈഫ് പദ്ധതി | | 12323235 | 0 | - | - | 12323235 |

ബാങ്ക് രേഖകൾ പ്രകാരം ബാങ്ക് ചാർജായി 59/-രൂപ കുറച്ചാണ് അടവ് കാണിച്ചിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

വാർഷിക ധനകാര്യപത്രിക പ്രകാരം 5,500/-രൂപ ഈയിനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-2009 | 3-3 | 2592 | റീത്ത പവിത്രൻ | 118030101424 |
| 2008-2009 | 3-3 | 4520 | ഉഷകുമാരി | 118030106743 |

വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഹെഡിൽ 2,592/-രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈയിനത്തിൽ ലഭിച്ച 4,520/-രൂപ ഹെഡ് തെറ്റിയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല.**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല.**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93007121 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 91410031 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 19288 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3756592 |

**(ബി)പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 19288 | | ശ്രീ.പ്രദീപ്, സെക്രട്ടറി. |
| 3-1 | | 6050 | ശ്രീ.പ്രദീപ്, സെക്രട്ടറി. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 37,44,394 | ശ്രീ.പ്രദീപ്, സെക്രട്ടറി |
| 1-26 | 121978 | ഡോ.അനിത.വി, മെഡിക്കൽ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നം.2-1
969/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ നഷ്ടമുണ്ട്.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ്,<br>സെക്രട്ടറി | സെക്രട്ടറി<br>വള്ളികുന്നം ഗ്രാമപഞ്ചായത്ത് | കണിശ്ശേരിത്തറ, ആലുംകടവ്.പി.ഒ.<br>കരുനാഗപ്പള്ളി |
| ഡോ.അനിത.വി,<br>ആയുർവേദ മെഡിക്കൽ ഓഫീസർ | ലഭ്യമല്ല | രവീന്ദ്രം, ദളവ റോഡ്,<br>മെഡിക്കൽ കോളേജ്.പി.ഒ,<br>കുമാരപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്.എ.പി.6 -1299/12തീയതി 26.12.12/11.01.2013 (ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്.എ.പി.6-939/14/19.08.2014 |
| 2013-14 | കെ.എസ്.എ -എപി ഇസഡ്-പി.6-1095/2015 തീ.11.08.2015 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16തീയതി: 03.01.2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1</u>

നം. കെ.എസ്.എ-എ.എൽ.പി./പി6 - 566/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 27.06.2019

ഫോൺ: 0477 2252753

e-mail: ddhglfalpy@gmail.com

### <u>സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ